നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2477 — 20/06/2012 ൽ മറുപടിയ്ക്ക്

## എസ്.സി-എസ്.ടി കുട്ടികളുടെ ട്യൂഷൻ ഫീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. മോൻസ് ജോസഫ്** | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.സി കളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് എത്ര രൂപയായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിൽ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ഇൻ എയ്ഡ് എത്ര രൂപയാണ്; | (എ) ട്യൂഷൻ ഫീസ് വിവരം ചുവടെ ചേർക്കുന്നു: |

| | |
| --- | --- |
| Electronic Mechanic (Refrigeration & Air Conditioner)<br>Wireman<br>Mechanic (Radio & Television)<br>Electrician<br>Welder<br>Mechanist<br>Turner | Rs.750 per annum |
| Tool & Die Maker<br>Mechanic (Diesel)<br>Mechanic (Motor Vehicle)<br>Draftsman Mechanical | Rs. 600 per annum |
| Surveyor<br>Fitter | Rs.650 per annum |
| Black Smith<br>Cutting & Tailoring<br>Plumber<br>Sheet Metal Worker<br>Carpentary<br>Upholstry<br>Moulder<br>Stenography | Rs.500 per annum |

| | | | |
|---|---|---|---|
| | | | ഐ.ടി.സി. കളിലെ പോസ്റ്റ് മെട്രിക് സ്റ്റഡീസിന് 2,00,000/- രൂപ വരെ വാർഷിക കുടുംബ വരുമാന പരിധിയുള്ള വിദ്യാർത്ഥികൾക്ക് 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. |
| (ബി) | എസ്.സി./എസ്.ടി കുട്ടികളുടെ ട്യൂഷൻ ഫീസിനെ സംബന്ധിച്ച് 6739/എ1/ എസ്.സി./എസ്.ടി. നമ്പർ ഫയലിൻ മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഈ ഫയലിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | 6739/A1/11/പജപവവിവ. നമ്പർ ഫയൽ സ്വകാര്യ ഐ.ടി.ഐ. കളിൽ ട്രെയിനിംഗ് ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന വിഷയമാണ് കൈകാര്യം ചെയ്യുന്നത്. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ. കളിലെ പരിശീലനാർത്ഥികൾക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന ധനസഹായമാണ് ട്രെയിനിംഗ് ഗ്രാന്റ്. സ്വകാര്യ ഐ.ടി.ഐ. കളിലെ പരിശീലനാർത്ഥികൾക്ക് ട്രെയിനിംഗ് ഗ്രാന്റ് അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫയലിൽ ട്രെയിനിംഗ് ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ ഫയൽ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | എസ്.സി./എസ്.ടി കുട്ടികളുടെ ട്യൂഷൻ ഫീസും സ്റ്റൈപന്റും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവ കൃത്യ സമയത്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഐ.ടി.സി കളിലെ എസ്.സി./ എസ്.ടി. വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പാണ്. 11/01/2012 ലെ സ.ഉ.(കൈ)നമ്പർ/6/12/ പജപവവിവ. പ്രകാരം വൊക്കേഷണൽ എഞ്ചിനീയറിംഗ്/നോൺ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ എസ്.സി./എസ്.ടി കുട്ടികളുടെ സ്റ്റൈപന്റ് 400/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച തുക 01/06/2012 മുതൽ വിതരണം ചെയ്യുന്നതിന് പ്രാബല്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ